Chief Minister **(Sri. T. K. Narayana Pillai) :**
Press reports show that Sri. C. Narayana Pillai has issued a statement on the question of integration of the service personnel.

പൊതു ആരാധനസ്ഥലം

*൩൧൪. (൭൩) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) ശബരിമല ക്ഷേത്രം അഗ്നിക്കിരയായതിനു ശേഷം അതിനെത്തുടർന്ന് കൊച്ചിയിലും തിരുവിതാംകൂറിലുമായി എത്ര ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്?

(ബി) അതിൽ ഏതെങ്കിലും ക്ഷേത്രം നശിപ്പിച്ചതിനെപ്പറ്റി തെളിവെടുക്കുന്നതിന് ഗവൺമെണ്ടിനു സാധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ൽ.

(ബി) ഉണ്ട്.

വ്യയനൃനീകരണം

*൩൧൫. (൭൪) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) വ്യയനൃനീകരണാർത്ഥം ഗവൺമെണ്ട് സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ടവരുടെ എണ്ണമെത്ര?

(ബി) ഏതെല്ലാം ഡിപ്പാർട്ടുമെണ്ടിൽ നിന്നും എത്ര പേരെ വീതം പിരിച്ചുവിട്ടിട്ടുണ്ടെന്നു പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ. ബി) വ്യയനൃനീകരണാർത്ഥം ഗവൺമെണ്ട് സർവ്വീസിൽ നിന്നും പലപ്പോഴായി പിരിച്ചുവിടപ്പെട്ടവരിൽ അധികം പേരെയും വീണ്ടും സർവ്വീസിൽ തിരിച്ചെടുത്തിട്ടുള്ളതുകൊണ്ട് ഓരോ ഡിപ്പാർട്ടുമെണ്ടിലേയും കൃത്യമായ എണ്ണം എത്ര എന്നു പറയുക സാദ്ധ്യമല്ല.

കടൽ വ്യവസായം

*൩൧൬. (൭൫) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്തു കടൽവ്യവസായംനടപ്പിൽ ആക്കുന്നതിനു ഏതെങ്കിലും പദ്ധതി ഗവൺമെണ്ട് ആസൂത്രണം ചെയ്തിട്ടുണ്ടോ?

(ബി) ഇവിടെ ഒരു കടൽ വ്യവസായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചിട്ട് എത്രമാസങ്ങളായിരിക്കുന്നു?

(സി) കമ്മറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്നും കമ്മറ്റിയുടെ പ്രവർത്തനത്തിനു ഇതുവരെ ചിലവുചെയ്തിട്ടുള്ള തുക എത്രയെന്നും പറയുമോ?

വ്യവസായവും, എക്സ്സൈയിസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : (എ) ഇപ്പോൾ നടപ്പിലുള്ള കടൽ വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly

യങ്ങളെ വികസിപ്പിക്കുന്നതിനും പുതിയ കടൽ വ്യവസായം തുടങ്ങുന്നതിനും വേണ്ട പദ്ധതികൾ അസൂത്രണം ചെയ്യുന്നതിനു് കടൽ വ്യവസായ കമ്മീഷനെ നിയമിച്ചിട്ടുണ്ടു്.

(ബി) ഏകദേശം ഏഴുമാസം.

(സി) അദ്ധ്യക്ഷൻ ഉൾപ്പടെ നാലു് അംഗങ്ങൾ ഒക്ടോബർ ഫെബ്രുവരി വരെ മിലവു് ന്റെ ഫീൽഡ്.

Unstarred Questions

സംയോജനത്തിനു മുമ്പു് തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായിരുന്ന വാഹനങ്ങൾ

ചോ. (ചോ) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ : തുടർന്നു പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാന മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംയോജനത്തിനു മുമ്പു് തിരുവിതാംകൂറിലും കൊച്ചിയിലും എത്ര കാറുകൾ, ലോറികൾ, വാനുകൾ എന്നീ വാഹനങ്ങൾ സർവ്വീസുണ്ടു വകയായി നിലവിലുണ്ടായിരുന്നു?

(ബി) സംയോജനത്തിനു ശേഷം എത്ര കാറുകളും ലോറികളും, വാനുകളും നിലവിൽ നിന്നുപോയിട്ടുണ്ടു്?

(സി) അങ്ങിനെയുള്ള കാറുകളെ ഉപയോഗിച്ചു വരുന്ന ആളുകളുടേയും, സ്ഥാപനങ്ങളുടേയും പേർ പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇൻ ഇ.

(ബി) ഒന്നും.

(സി) വിവരത്തിനു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

Statement showing the persons or institutions who are now using cars and lorries owned by the Travancore Cochin Government

Executive Engineer, Senkulam Division	..	2 lorries
,, Peringalkuthu	..	13 ,,
,, Madupetty dam	..	4 ,,
Food Purchase Department for paddy procurement	..	3 ,,
Police Department including—Fire Service	..	97 (lorries, vans and jeeps)
For the use of Hon'ble Ministers	..	5 cars
,, ,, Speaker	..	1 car
Chairman, Food Production Board	..	1 car
Transport of files in Secretariat	..	1 van
State Guests and Paying Guests in the Guests Department	..	7 cars at Ernakulam and 19 at Trivandrum
Assistant Supply Officers, Cochin	..	12 lorries
Condemned	..	2 lorries
Food Production Board	..	1 lorry
Excise Inspector, Armed Reserve, Moovattupuzha	..	1 lorry
Excise Inspector, C.I.D. Southern Division	..	1 lorry
Prohibition Department	..	3 vans

LIBRARY ARCHIVES Kerala Legislative Assembly